(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി)&(ഇ) 1997-98-ലെ സി ആന്റ് എ.ജി. യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ സംഗ്രഹം ഇതോടൊപ്പം വയ്ക്കുന്നു.†

3 (1452) പ്രതിശീർഷ കടം

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പ്രതിശീർഷ കടം എത്രയായിരുന്നു;

(ബി) ഇപ്പോഴുള്ള പ്രതിശീർഷ കടം എത്രയാണ്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് തൊട്ടുമുമ്പുള്ള വർഷം സംസ്ഥാനത്തിലെ ഓരോ പൗരനും സംസ്ഥാനം വാങ്ങിയ വായ്പ യ്ക്കുള്ള പലിശയിനത്തിൽ എന്തു തുകയുടെ ബാദ്ധ്യതയുണ്ടായിരുന്നു;

(ഡി) സംസ്ഥാനം വാങ്ങിയ വായ്പയുടെ പലിശയിനത്തിൽ ഇപ്പോൾ ഓരോ പൗരനും എന്തുതുകയുടെ ബാദ്ധ്യതയുണ്ട്?

ഉത്തരം

(എ) 1995-96 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ പ്രതി ശീർഷ കടം 3253 രൂപയായിരുന്നു.

(ബി) 1997-98 സാമ്പത്തിക വർഷത്തിൽ പ്രതിശീർഷ കടം 4151 രൂപ യാണ്.

(സി) ആളോഹരി പലിശ ബാദ്ധ്യത 297.15 രൂപയായിരുന്നു.

(ഡി) 1997-98 ൽ ആളോഹരി പലിശ ബാദ്ധ്യത 404.42 രൂപയായിരുന്നു.

4 (1453) കേന്ദ്ര ബഡ്ജറ്റ്

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റ് സംസ്ഥാനത്തെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബഡ്ജറ്റ് മൂലം കേരളത്തിനുണ്ടാകുന്ന അനുകൂല ഘടകങ്ങളും പ്രതികൂല ഘടകങ്ങളും എന്തെല്ലാമാണ്;

(സി) ഇതിൽ പ്രതികൂല ഘടകങ്ങളെ നേരിടുന്നതിന് സംസ്ഥാനം എന്തെല്ലാം വിധത്തിലുള്ള സാമ്പത്തിക നടപടികളും ഭരണപരമായ നടപടി കളും സ്വീകരിച്ചിട്ടുണ്ട്?

---

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly